⇨ ഡാം ഉപേക്ഷിക്കണം എന്നാണ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പറഞ്ഞത് ⇨

# 'ഈ അടാവീല് ഡാമ് വേണ്ട':
# അതിരപ്പിള്ളിയിൽ ആദിവാസികൾ ഉയർത്തുന്ന നിർണ്ണായക ചോദ്യങ്ങൾ

വനാവകാശ നിയമം (2006) തുറന്നിട്ട സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്തിയ വാഴച്ചാൽ മാതൃകയെ തകർത്തുകളയുന്നതിനുള്ള ശ്രമമാണ് അതിരപ്പിള്ളി പദ്ധതിയുമായി മുന്നോട്ടുപോകുന്നതിലൂടെ സർക്കാർ നടത്തുന്നത്. തങ്ങൾ അധിവസിക്കുന്ന വനഭൂമിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനങ്ങളെടുക്കുന്നതിനുള്ള അധികാരം തദ്ദേശീയരായ ആദിവാസി സമൂഹത്തിന് നൽകുന്ന വനാവകാശ നിയമം ഇവിടെ ലംഘിക്കപ്പെടുകയാണ്.

**കേരളീയം വാർത്താശൃംഖല**

**മൂന്ന്** പതിറ്റാണ്ടുകളായിത്തുടരുന്ന സമരത്തെയും എതിർപ്പുകളെയും അവഗണിച്ചുകൊണ്ട് അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ വീണ്ടും ഊർജ്ജിതമായിരിക്കുകയാണ്. 2010ൽ റദ്ദാക്കിയ പാരിസ്ഥിതികാനുമതി 2015 ഡിസംബർ 9ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുനഃസ്ഥാപിച്ചതോടെ അണ കെട്ടാനുള്ള നീക്കങ്ങളുമായി സജീവമായിരിക്കുകയാണ് സംസ്ഥാന വൈദ്യുതി വകുപ്പ്. അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്ക് അനുമതി നൽകരുതെന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തോട് ശുപാർശ ചെയ്ത ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് അട്ടിമറിക്കപ്പെട്ടതോടെ ഉടലെടുത്തതാണ് ഈ പുതിയ സംഘർഷങ്ങൾ. "അതിരപ്പിള്ളി മേഖലയുടെ ജൈവവൈവിദ്ധ്യ സമ്പന്നതയും ഉയർന്ന സംരക്ഷണമൂല്യവും പുഴയുടെ താഴ്ത്തടങ്ങളിലെ ജലസേചന-കുടിവെള്ള പദ്ധതികളും കാടർ ആദിവാസികളുടെ ആവാസവ്യവസ്ഥയ്ക്ക് സംഭവിക്കുന്ന നാശവും പദ്ധതിയുടെ ചോദ്യം ചെയ്യപ്പെടുന്ന പ്രായോഗികതയും കണക്കിലെടുത്ത് ഡാം ഉപേക്ഷിക്കണം" എന്നാണ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പറഞ്ഞത്. എന്നാൽ പശ്ചിമഘട്ട മേഖലയിലെ പലവിധ ചൂഷകരുടെ സമ്മർദ്ദഫലമായി ഗാഡ്ഗിൽ റിപ്പോർട്ട് തിരസ്കരിക്കപ്പെടുകയും പുനപരിശോധനയ്ക്കെത്തിയ കസ്തൂരിരംഗൻ കമ്മിറ്റി അതിരപ്പിള്ളി ഡാമിന് അനുകൂല നിലപാടെടുക്കുകയുമാണുണ്ടായത്. 230 മെഗാവാട്ടിൽ താഴെയുള്ള ജലവൈദ്യുത പദ്ധതികൾ തുടങ്ങുന്നതിന് അതിരപ്പിള്ളിയിൽ തടസ്സങ്ങളൊന്നുമില്ലെന്നും ചാലക്കുടിപുഴയിലെ ജലലഭ്യതയ്ക്കനുസരിച്ച് പദ്ധതിയുമായി മുന്നോട്ടുപോകാമെന്നും കസ്തൂരിരംഗൻ കമ്മിറ്റി മാറ്റിയെഴുതി. അതിരപ്പിള്ളി പദ്ധതി നടപ്പിലാക്കുന്നതിനുള്ള കേന്ദ്രതലത്തിലെ ഇടപെടലുകൾ കെ.എസ്.ഇ.ബി വീണ്ടും തുടങ്ങുന്നത് കസ്തൂരിരംഗൻ കമ്മിറ്റിയുടെ ഈ ശുപാർശ പുറത്തുവന്നതിനെ തുടർന്നാണ്.

പദ്ധതിക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം, കെ.എസ്.ഇ.ബി ചെയർമാന് കത്തെഴുതുകയും വിശദമായ റിപ്പോർട്ട് നൽകാൻ ആവശ്യപ്പെടുകയുമായിരുന്നു. 2014 ജനുവരി 9ന് പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും അയച്ച ആ കത്തിനെ



വനാവകാശ നിയമപ്രകാരം വാഴച്ചാൽ വനമേഖലയുടെ സംരക്ഷണാവകാശമുള്ള ആദിവാസികളുടെ നേതൃത്വത്തിൽ 2016 മാർച്ച് 13ന് നടന്ന വൃക്ഷങ്ങൾക്ക് സ്നേഹവലയം തീർക്കൽ സമരത്തിൽ നിന്നും. *ഫോട്ടോ: ഷെഫീഖ് താമരശ്ശേരി*

തുടർന്നാണ് 2014 ആഗസ്റ്റ് 1ന് കെ.എസ്.ഇ.ബി പാരിസ്ഥിതികാനുമതി പുനഃസ്ഥാപിച്ചു നൽകുന്നതിനുള്ള അപേക്ഷ മന്ത്രാലയത്തിന് സമർപ്പിക്കുന്നത്. തുടർന്ന് പദ്ധതിക്ക് ആവശ്യമായ നീരൊഴുക്ക് ചാലക്കുടിപുഴയിലുണ്ടെന്ന് കേന്ദ്ര ജലകമ്മീഷൻ റിപ്പോർട്ട് നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ വിദഗ്ധ സമിതി പദ്ധതിക്ക് ഗ്രീൻ സിഗ്നൽ നൽകുകയും ചെയ്തു. തുടർന്ന്, അനുമതി റദ്ദാക്കുന്നതിനായി 2010ൽ കെ.എസ്.ഇ.ബിക്ക് നൽകിയ കാരണം കാണിക്കൽ നോട്ടീസ് പരിസ്ഥിതി മന്ത്രാലയം പിൻവലിച്ചു. 2012ൽ അവസാനിച്ച പാരിസ്ഥിതികാനുമതിയുടെ കാലാവധി അഞ്ച് വർഷത്തേക്ക് കൂടി മന്ത്രാലയം നീട്ടി നൽകി. അതായത്, നിലവിൽ 2017വരെ അതിരപ്പിള്ളി പദ്ധതിക്ക് പാരിസ്ഥിതികാനുമതിയുണ്ട്. 2017ന് ഉള്ളിൽ പദ്ധതിയുമായി ബന്ധപ്പെട്ട പ്രധാന കടമ്പകളെല്ലാം കടക്കുന്നതിനാണ് കെ.എസ്.ഇ.ബി ഇപ്പോൾ വേഗത്തിൽ ശ്രമിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഈ തിടുക്കം ഗുരുതരമായ ഒട്ടേറെ നിയമലംഘനങ്ങൾക്ക് കാരണമാകുന്നുണ്ട്. പദ്ധതി വരുന്ന വനമേഖലയിലുള്ള മരങ്ങളുടെ കണക്കെടുപ്പാണ് ആദ്യം ആരംഭിച്ച നടപടി. വാഴച്ചാൽ വനമേഖലയിലെ ചാർപ്പ, വാഴച്ചാൽ, കൊല്ലത്തിരുമേട് റെയ്ഞ്ചുകളിലായി ഏകദേശം 140 ഹെക്ടർ വനമാണ് അതിരപ്പിള്ളി പദ്ധതി വന്നാൽ ഇല്ലാതെയാകാൻ പോകുന്നത്. 1999ൽ നടത്തിയ സർവെ പ്രകാരം വൈദ്യുതി ബോർഡ് വനം വകുപ്പിൽ നിന്നും ഏറ്റെടുക്കുന്ന ഭൂമിയാണിത്. അവിടെയുള്ള ഓരോ മരത്തിനും സർക്കാർ നിശ്ചയിച്ച വിലയെ അടിസ്ഥാനമാക്കി സീനിയറേജ് വാല്യു (വൃക്ഷ മൂല്യനിർണ്ണയം) കണക്കാക്കും. വനം-വൈദ്യുതി വകുപ്പ് ഉദ്യോഗസ്ഥർ സംയുക്തമായാണ് സീനിയറേജ് വാല്യു കണക്കാക്കുന്നത്. 2001ൽ പദ്ധതിക്ക് അനുമതി ലഭിച്ചപ്പോൾ 25.22 ഹെക്ടർ സ്ഥലത്തെ 15,145 മരങ്ങളുടെ സീനിയറേജ് വാല്യു ആയി 4.11 കോടി രൂപ നിശ്ചയിച്ചിരുന്നു. എന്നാൽ കണക്കിൽ ഇപ്പോൾ വ്യത്യാസമുള്ളതിനാലാണ് വീണ്ടും സീനിയറേജ് വാല്യു കണക്കാക്കുന്നത്. പക്ഷെ 2001 ൽ നിന്നും നിയമസാഹചര്യങ്ങൾ ഏറെ മാറിയിരിക്കുന്നു എന്നത് കെ.എസ്.ഇ.ബി പരിഗണിച്ചിട്ടേയില്ല.

പ്രത്യേകിച്ച് വനാവകാശ നിയമം(2006)ത്തിന്റെ വരവ്. തങ്ങൾ അധിവസിക്കുന്ന വനഭൂമിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനങ്ങളെടുക്കുന്നതിനുള്ള അധികാരം തദ്ദേശീയരായ ആദിവാസി സമൂഹത്തിന് നൽകുന്ന വനാവകാശ നിയമം പൂർണ്ണമായും നടപ്പിലാക്കിയ പ്രദേശമാണ് വാഴച്ചാൽ വനമേഖല. കാടുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ആദിവാസി സമൂഹങ്ങൾ തങ്ങളുടെ പരമ്പരാഗത ജീവിതമാർഗ്ഗങ്ങളിൽ നിന്നും ഒഴിവാക്കപ്പെടുന്നത് തടയുന്നതിനായി രൂപപ്പെടുത്തിയ ഈ നിയമമാണ് വാഴച്ചാലിൽ ഇപ്പോൾ പരസ്യമായി ലംഘിക്കപ്പെടുന്നത്.

എന്നാൽ വനാവകാശ നിയമം പോലെയുള്ള വളരെ പ്രധാനപ്പെട്ട ഒരു കേന്ദ്ര നിയമത്തിന്റെ അന്തഃസത്തയെ തകർത്തുകളയും വിധമുള്ള ഇടപെടലുകളാണ് ഇപ്പോൾ ഇവിടെ നടക്കുന്നത്. തങ്ങൾ അധിവസിക്കുന്ന പ്രദേശത്തെ വനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനങ്ങളെടുക്കാനുള്ള അധികാരം ഗോത്രവർഗ്ഗക്കാരുടെ നൈസർഗികമായ ഊരുതല ഗ്രാമസഭകൾക്ക് നൽകണം എന്ന നിയമത്തിലെ മർമ്മ പ്രധാനമായ കാര്യം പോലും നഗ്നമായി ലംഘിക്കപ്പെടുകയാണ്.

വനാവകാശ നിയമ (2006) പ്രകാരം വനഭൂമി വനഭൂമിയല്ലാതെയാക്കുന്നതിനുള്ള വിവേചനാധികാരം തദ്ദേശീയ ഗോത്രസമൂഹങ്ങളുടെ ഊരുക്കൂട്ടങ്ങൾക്കാണ് നൽകപ്പെട്ടിട്ടുള്ളത്. വനാവകാശ നിയമം നടപ്പിലാക്കപ്പെട്ടതിലൂടെ ഈ അധികാരം കൈവന്നിട്ടുള്ള ഊരുക്കൂട്ടങ്ങളാണ് വാഴച്ചാൽ വനം ഡിവിഷനിലുള്ള എട്ട് കാടർ ഊരുക്കൂട്ടങ്ങൾ. ഈ ഊരുക്കൂട്ടങ്ങളുടെ പൊതുവായ സാമൂഹ്യ വനവിഭവ മേഖലയായി അംഗീകരിച്ച് വനാവകാശ നിയമത്തിൽ പറയുന്ന കമ്മ്യൂണിറ്റി ഫോറസ്റ്റ് റൈറ്റ്സ് (സി.എഫ്.ആർ) നൽകിയിട്ടുള്ള പ്രദേശത്താണ് പദ്ധതി വരുന്നത്. ആദിവാസി ഊരുക്കൂട്ടങ്ങളുടെ അനുമതിയില്ലാതെയാണ് അവരുടെ സാമൂഹ്യ വനവിഭവ മേഖലയിൽ ഡാം കെട്ടുന്നതിനുള്ള നടപടികളുമായി കെ.എസ്.ഇ.ബി മുന്നോട്ടുപോകുന്നത്. മരത്തിന്റെ മൂല്യം കണക്കാക്കുന്ന കാര്യത്തിലടക്കം യാതൊരുവിധ ചർച്ചയും ഊരുക്കൂട്ടങ്ങളുമായി നടത്താൻ അവർ തയ്യാറായിട്ടില്ല. വാഴച്ചാൽ മേഖലയിലുള്ള എല്ലാ ഊരുക്കൂട്ടങ്ങളും അതിരപ്പിള്ളി പദ്ധതിക്കെതിരെ പ്രമേയം പാസാക്കിയിട്ടുണ്ട് എന്നിരിക്കെയാണ് അവരുടെ നിയമപരമായ അധികാരങ്ങളെ അവഗണിച്ചുകൊണ്ട് കെ.എസ്.ഇ.ബി പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുന്നത്. വനാവകാശ നിയമം അംഗീകരിച്ച ആദിവാസികളുടെ നിയമപരമായ അവകാശങ്ങളെ ധിക്കരിക്കുന്ന സമീപനമാണ് കേരള സർക്കാറിന്റെ ഭാഗത്ത് നിന്നും ഇവിടെയുണ്ടായിരിക്കുന്നത്.

വനാവകാശ നിയമ (2006) പ്രകാരമുള്ള സാമൂഹിക വനാവകാശം കേരളത്തിൽ ആദ്യമായി ലഭിച്ചത് വാഴച്ചാൽ ഡിവിഷനിലെ ആദിവാസികൾക്കാണ്. 2012ൽ ഈ വനമേഖല കാടർ ആദിവാസി ഊരുക്കൂട്ടങ്ങളുടെ സാമൂഹിക വനവിഭവമേഖലയായി അംഗീകരിച്ച് അവകാശ രേഖ നൽകി. അതുപ്രകാരം വനവിഭവ ശേഖരണവും വനസംരക്ഷണത്തിനുള്ള പദ്ധതികളും എല്ലാ സർക്കാർ വകുപ്പുകളും ഈ ആദിവാസി ഊരുക്കൂട്ടങ്ങളുമായി ആലോചിച്ച് വേണം നടപ്പിലാക്കാൻ. അത്തരം പ്രവർത്തനങ്ങൾ ഏറെ മുന്നോട്ടുപോയ ഒരു പ്രദേശം കൂടിയാണ് വാഴച്ചാൽ. എന്നാൽ വനാവകാശ നിയമം പോലെയുള്ള വളരെ പ്രധാനപ്പെട്ട ഒരു കേന്ദ്ര നിയമത്തിന്റെ അന്തഃസത്തയെ തകർത്തുകളയും വിധമുള്ള ഇടപെടലുകളാണ് ഇപ്പോൾ ഇവിടെ നടക്കുന്നത്. തങ്ങൾ അധിവസിക്കുന്ന പ്രദേശത്തെ വനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനങ്ങളെടുക്കാനുള്ള അധികാരം ഗോത്രവർഗ്ഗക്കാരുടെ നൈസർഗികമായ ഊരുതല ഗ്രാമസഭകൾക്ക് നൽകണം എന്ന നിയമത്തിലെ മർമ്മ പ്രധാനമായ കാര്യം പോലും നഗ്നമായി ലംഘിക്കപ്പെടുകയാണ്. ഇന്ത്യയിൽ നിലനിന്നിരുന്ന വന സംരക്ഷണ നിയമങ്ങൾക്ക് വനം വനേതര ആവശ്യങ്ങൾക്കായി മാറ്റപ്പെടുന്നത് തടയാനുള്ള കരുത്തില്ലാതെ പോയ സാഹചര്യത്തിൽക്കൂടിയാണ് 2006ൽ ഗോത്രജനതയുടെ അവകാശങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള വനാവകാശ നിയമം യാഥാർത്ഥ്യമാകുന്നത്. വിഭവപരിപാലനത്തിന്റെ കാര്യത്തിൽ ഊരുക്കൂട്ടങ്ങൾക്ക് നിയമപരമായ പരിരക്ഷ നൽകുന്നു എന്നതിനാൽ ക്കൂടിയാണ് വനാവകാശ നിയമം വിപ്ലവാത്മകമാകുന്നത്. 73, 74 ഭരണഘടനാ ഭേദഗതികളെത്തുടർന്നും 1992 ആദിവാസി ഗ്രാമസഭാ (പെസ) നിയമത്തെ തുടർന്നും ജനാധിപത്യത്തെ വിപുലപ്പെടുത്തുന്നതിനായി നടന്ന ഒട്ടേറെ പ്രക്ഷോഭങ്ങൾ, തദ്ദേശീയ വിഭവങ്ങൾക്ക് മേൽ തദ്ദേശീയ സമൂഹങ്ങൾക്കുള്ള

അവകാശങ്ങൾ സ്ഥാപിക്കുന്നതിനായി ദേശീയതലത്തിൽ നടന്ന ഒട്ടേറെ സമരങ്ങൾ, ഇന്ത്യൻ വനനിയമങ്ങൾ ആദിവാസി സമൂഹത്തോട് ചെയ്ത ചരിത്രപരമായ അനീതികൾ തുറന്നുകാണിച്ച നിരവധി സംഘർഷങ്ങൾ എന്നിവയുടെ ഫലമായാണ് വനാവകാശ നിയമം (2006) നിലവിൽ വരുന്നത്. എന്നാൽ ആ നിയമം ഫലപ്രദമായി നടപ്പിലാക്കി, ആദിവാസി ഊരുക്കൂട്ടങ്ങളുടെ സ്വയംഭരണാധികാരങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളൊന്നും കേരളത്തിൽ കാര്യക്ഷമമായി നടന്നിരുന്നില്ല. വനാവകാശ നിയമത്തെ, കേവലം വനഭൂമിയുടെ മേലുള്ള ആദിവാസികളുടെ വ്യക്തിഗത അവകാശത്തെ അംഗീകരിക്കൽ മാത്രമായാണ് കേരളം കണ്ടത്. വനഭൂമി ആദിവാസികൾക്ക് പതിച്ചുനൽകുന്നതിനുള്ള ഒരു നിയമം മാത്രമായാണ് കേരളത്തിലെ രാഷ്ട്രീയ കക്ഷികളെല്ലാം വനാവകാശ നിയമത്തെ മനസ്സിലാക്കിയത്. എന്നാൽ വനാവകാശ നിയമത്തിൽ പറയുന്ന, വനഭൂമിയുടെ മേൽ ആദിവാസി ഊരുക്കൂട്ടങ്ങൾക്കുള്ള സാമൂഹിക അവകാശങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ ചില സന്നദ്ധ ഗ്രൂപ്പുകളുടെ ശ്രമ ഫലമായാണ് കേരളത്തിൽ യാഥാർത്ഥ്യമാകുന്നത്. അത്തരം പ്രവർത്തനങ്ങൾ മാതൃകാപരമായി നടന്ന ഒരു സ്ഥലമാണ് വാഴച്ചാൽ എന്നിരിക്കെ, ആ മാതൃകയെ കേരളത്തിലെ മറ്റ് ആദിവാസി ഊരുകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിനുള്ള ശ്രമമായിരുന്നു സർക്കാർ നടത്തേണ്ടത്.

ആദിവാസി ജനസമൂഹത്തിന് നിയമത്തെക്കുറിച്ചുള്ള അജ്ഞതയും ആദിവാസി മേഖലയുടെ പിന്നോക്കാവസ്ഥയുമാണ് വനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് കേരളത്തിൽ കാലതാമസം വരുന്നത്. അക്കാര്യം പരിഗണിച്ചുകൊണ്ട്, ആദിവാസി സമൂഹങ്ങളെ അവരുടെ അവകാശങ്ങൾ പുനസ്ഥാപിക്കുന്നതിന് സജ്ജരാക്കുകയാണ് സർക്കാർ സംവിധാനങ്ങൾ ചെയ്യേണ്ടത്. അതിനു പകരം, വനാവകാശ നിയമം തുറന്നിട്ട സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്തിയ വാഴച്ചാൽ മാതൃകയെ തകർത്തുകളയുന്നതിനുള്ള ശ്രമമാണ് അതിരപ്പിള്ളി പദ്ധതിയുമായി മുന്നോട്ടുപോകുന്നതിലൂടെ സർക്കാർ നടത്തുന്നത്.

വനാവകാശ നിയമം നടപ്പിലാക്കിയതിലൂടെ ആദിവാസി സ്വയംഭരണത്തിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞ വാഴച്ചാലിലെ കാടർ ആദിവാസി സമൂഹം, അതിരപ്പിള്ളി പദ്ധതിക്കെതിരെ തങ്ങളുടെ നിയമപരമായ അവകാശങ്ങളെ മുൻനിർത്തി പോരാടാൻ തുടങ്ങിക്കഴിഞ്ഞു. 2016 മാർച്ച് 12ന് കാടർ ആദിവാസികളുടെ മുൻകൈയിൽ വാഴച്ചാലിൽ നടന്ന അതിരപ്പിള്ളി പദ്ധതിക്കെതിരായ പ്രതിഷേധ പരിപാടി അതിന് ഒരു തുടക്കം കുറിച്ചിരിക്കുകയാണ്. 'ഞങ്ങൾക്ക് അവകാശപ്പെട്ട വനഭൂമിയിൽ നിന്നും ഞങ്ങളുടെ അനുവാദമില്ലാതെ മരം മുറിക്കാൻ നിങ്ങൾക്ക് ആരാണ് അധികാരം തന്നത്?' എന്ന ചോദ്യമുന്നയിച്ചുകൊണ്ടാണ് വാഴച്ചാൽ കോളനിയിലെ കാടർ ഊരുമൂപ്പത്തി ഗീത ആ സമരം ഉദ്ഘാടനം ചെയ്തത്. അതിരപ്പിള്ളി പദ്ധതിക്കെതിരായി പതിറ്റാണ്ടുകളായി നടക്കുന്ന സമരത്തിന് പുതിയ മാനം നൽകിയിരിക്കുകയാണ് വനാവകാശ നിയമം. ആദിവാസികളുടെ നിർണ്ണായകമായ ഈ ചോദ്യത്തെ മറികടക്കാതെ അതിരപ്പിള്ളി പദ്ധതിയുമായി ഒരു സർക്കാറിനും മുന്നോട്ടുപോകാൻ കഴിയില്ല എന്നതാണ് യാഥാർത്ഥ്യം.

18 കാടർ കുടുംബങ്ങൾ മാത്രമാണ് പദ്ധതി വരുന്നതുകൊണ്ട് കുടിയൊഴിപ്പിക്കപ്പെടുന്നത് എന്നാണ് അതിരപ്പിള്ളി പദ്ധതിക്കായി ആദ്യം പരിസ്ഥിതി ആഘാത പഠനം നടത്തിയ ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (ടി.ബി.ജി.ആർ.ഐ) റിപ്പോർട്ട് പറഞ്ഞിരുന്നത്. നിർദ്ദിഷ്ട ഡാമിൽ നിന്നും 400 മീറ്റർ മാത്രം അകലെയുള്ള വാഴച്ചാൽ കോളനി 4 കിലോമീറ്റർ അകലെയാണെന്നായിരുന്നു ഈ പഠനം കാണിച്ചിരുന്നത്. വാഴച്ചാൽ കോളനിയിലെ 68 ഉം പൊകലപ്പാറയിലെ 22 ഉം കുടുംബങ്ങളാണ് പദ്ധതി വരുമ്പോൾ ശരിക്കും കുടിയൊഴിപ്പിക്കപ്പെടുന്നത്. ഈ യാഥാർത്ഥ്യം പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനായി അതിരപ്പിള്ളി സമരം ഏറെ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. കോടതിയിൽ നിലനിന്ന കേസുകളിൽ വരെ ഇക്കാര്യം പരാമർശ വിഷയമായിരുന്നു. ഒട്ടേറെ ജലവൈദ്യുത പദ്ധതികൾക്കായി പല തവണ കുടിയൊഴിപ്പിക്കപ്പെട്ട ശേഷം പുനരധിവസിപ്പിച്ച സെറ്റിൽമെന്റുകളാണ് പൊകലപ്പാറയും വാഴച്ചാലും. അക്കാര്യങ്ങളൊന്നും ടി.ബി.ജി.ആർ.ഐയുടെ റിപ്പോർട്ട് പരാമർശിക്കുന്നതേയില്ല. രണ്ടാമത് പരിസ്ഥിതി ആഘാത പഠനം നടത്തിയ വാട്ടർ ആന്റ് പവർ കൺസൾട്ടൻസിയും (വാപ്കോസ്) പദ്ധതി വന്നാൽ കുടിയൊഴിപ്പിക്കപ്പെടുന്ന ആദിവാസി സമൂഹത്തെക്കുറിച്ച് മൗനം പാലിക്കുകയാണ് ചെയ്തത്. ഇത്തരത്തിൽ, ഒരു 'വികസന' പദ്ധതിക്ക് മുന്നിൽ പരിഗണനാർഹർ പോലുമല്ലാതിരുന്ന കാടർ ആദിവാസി സമൂ

⇨ പദ്ധതിയെ എതിർക്കുന്നതിന് പിന്നിൽ രാഷ്ട്രീയ താത്പര്യങ്ങളുണ്ടെന്നും അദ്ദേഹം പറഞ്ഞുവച്ചു ⇨

ഹമാണ് തദ്ദേശീയ ആവാസവ്യവസ്ഥയ്ക്ക് മേലുള്ള അവരുടെ പരമ്പരാഗത അവകാശങ്ങളെ വീണ്ടെടുത്തുകൊണ്ട് ഇപ്പോൾ നിർണ്ണായക ചോദ്യമായി മാറിയിരിക്കുന്നത്.

**പിണറായിക്ക് അറിയാത്തത്**

പാരിസ്ഥിതിക അനുമതി പുനസ്ഥാപിച്ചതിനെ തുടർന്നാണ് അതിരപ്പിള്ളി പദ്ധതിയുമായി ബന്ധപ്പെട്ട ചർച്ചകൾ വീണ്ടും സജീവമായതെങ്കിലും നവകേരള മാർച്ചിനിടെ സി.പി.എം പോളിറ്റ് ബ്യൂറോ അംഗം പിണറായി വിജയൻ പദ്ധതി നടപ്പിലാക്കണം എന്ന ആവശ്യമുന്നയിച്ചതോടെയാണ് രാഷ്ട്രീയ രംഗത്ത് വീണ്ടും വാഗ്വാദങ്ങളുണ്ടാകുന്നത്. നവകേരള മാർച്ച് ചാലക്കുടിയിൽ എത്തിയപ്പോൾ മാദ്ധ്യമ പ്രവർത്തകരുമായി നടത്തിയ സംഭാഷണത്തിലാണ് അതിരപ്പിള്ളി പദ്ധതി നടപ്പിലാക്കണമെന്ന് പിണറായി പറഞ്ഞത്. വെള്ളച്ചാട്ടം നിലനിർത്തിക്കൊണ്ടും പരിസ്ഥിതിക്ക് കോട്ടം തട്ടാതെയും അതിരപ്പിള്ളി പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്നാണ് പിണറായി പറഞ്ഞത്. പദ്ധതിയുമായി ബന്ധപ്പെട്ട് പതിറ്റാണ്ടുകളായി ഉയർത്തിക്കൊണ്ടിരിക്കുന്ന ആശങ്കകളെ കേവലം വെള്ളച്ചാട്ടത്തിന്റെ പ്രശ്നമായി ചുരുക്കുന്ന തരത്തിലുള്ള പ്രസ്താവനയാണ് പിണറായി വിജയൻ നടത്തിയത്. വെള്ളച്ചാട്ടത്തിന്റെ നിലനിൽപ്പിനപ്പുറം പുഴയുമായും പുഴയെ ആശ്രയിക്കുന്ന ജനസമൂഹങ്ങളുമായും ബന്ധപ്പെട്ട് ഒട്ടേറെ ചോദ്യങ്ങൾ അതിരപ്പിള്ളിയിൽ ഉയർന്നുവന്നിട്ടുണ്ട്. ആ ആശങ്കകളിലൊന്നും തൊടാതെയുള്ള തന്ത്രപൂർവ്വമായ സമീപനമാണ് പിണറായി വിജയൻ ചാലക്കുടിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ കൈക്കൊണ്ടത്. അതിരപ്പിള്ളിയെക്കുറിച്ചുള്ള പിണറായിയുടെ പരാമർശത്തിന് വലിയ വാർത്താ പ്രാധാന്യം കൈവന്നതോടെ, നവകേരള മാർച്ച് എറണാകുളത്ത് എത്തിയപ്പോഴും മാദ്ധ്യമ പ്രവർത്തകർ അതിരപ്പിള്ളിയെക്കുറിച്ചുള്ള നിലപാട് വ്യക്തമാക്കാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. വനാവകാശ നിയമപ്രകാരമുള്ള അവകാശങ്ങൾ ആദിവാസികൾക്ക് നൽകപ്പെട്ട ഒരു പ്രദേശത്ത് എങ്ങനെയാണ് അവരുടെ അനുവാദമില്ലാതെ പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതെന്ന ചോദ്യവും അക്കൂട്ടത്തിലുണ്ടായിരുന്നു. എന്നാൽ ആദിവാസി വനാവകാശ നിയമത്തെക്കുറിച്ച് പരാമർശം നടത്തുകയോ പദ്ധതിക്ക് ആദിവാസി സമൂഹത്തിന്റെ അനുമതി വേണമെന്ന കാര്യത്തിൽ സ്പർശിക്കുകയോ ചെയ്യാതെ വെള്ളച്ചാട്ടം നിലനിർത്തിക്കൊണ്ട് പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്ന വാദം ആവർത്തിക്കുകയാണ് പിണറായി ചെയ്തത്. അതിരപ്പിള്ളി പദ്ധതിയെ എതിർക്കുന്നതിന് പിന്നിൽ രാഷ്ട്രീയ താത്പര്യങ്ങളുണ്ടെന്നും അദ്ദേഹം പറഞ്ഞുവച്ചു.

പദ്ധതിയുമായി ബന്ധപ്പെട്ട് പതിറ്റാണ്ടുകളായി ഉയർത്തിക്കൊണ്ടിരിക്കുന്ന ആശങ്കകളെ കേവലം വെള്ളച്ചാട്ടത്തിന്റെ പ്രശ്നമായി ചുരുക്കുന്ന തരത്തിലുള്ള പ്രസ്താവനയാണ് പിണറായി വിജയൻ നടത്തിയത്. വെള്ളച്ചാട്ടത്തിന്റെ നിലനിൽപ്പിനപ്പുറം പുഴയുമായും പുഴയെ ആശ്രയിക്കുന്ന ജനസമൂഹങ്ങളുമായും ബന്ധപ്പെട്ട് ഒട്ടേറെ ചോദ്യങ്ങൾ അതിരപ്പിള്ളിയിൽ ഉയർന്നുവന്നിട്ടുണ്ട്. ആ ആശങ്കകളിലൊന്നും തൊടാതെയുള്ള തന്ത്രപൂർവ്വമായ സമീപനമാണ് പിണറായി വിജയൻ ചാലക്കുടിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ കൈക്കൊണ്ടത്.

തീർത്തും നിരുത്തരവാദപരമായി വൈദ്യുത പദ്ധതികൾ വിഭാവനം ചെയ്തതിന്റെ ഫലമായിരുന്നു എസ്.എൻ.സി ലാവ്‌ലിൻ കേസ് എന്ന ചരിത്രം മറന്നുപോയതരത്തിലാണ് പിണറായി അതിരപ്പിള്ളിയെക്കുറിച്ച് സംസാരിക്കുന്നത്. കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെയും ഇ. ബാലാനന്ദൻ കമ്മിറ്റിയുടെയും അഭിപ്രായങ്ങൾ തള്ളിക്കളഞ്ഞുകൊണ്ടാണ് കുറ്റ്യാടി, പന്നിയാർ, ചെങ്കുളം, പള്ളിവാസൽ നിലയങ്ങളുടെ നവീകരണം എസ്.എൻ.സി ലാവ്‌ലിൻ കമ്പനിയെ ഏൽപ്പിക്കാൻ പിണറായി വിജയൻ വൈദ്യുതി മന്ത്രിയായിരുന്ന കാലത്ത് താത്പര്യമെടുക്കുന്നത്. ജനറേറ്ററുകളുടെ ക്ഷമത വർദ്ധിപ്പിച്ചാൽ മതിയെന്നും നവീകരണം വേണ്ടതില്ലെന്നും വ്യക്തമാക്കിയ കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെയും ബാലാനന്ദൻ കമ്മിറ്റിയുടെയും നിർദ്ദേശങ്ങൾ ശരിവയ്ക്കുന്നതായിരുന്നു 2005ൽ പുറത്തുവന്ന സി.എ.ജി റിപ്പോർട്ടിലെ കണ്ടെത്തലുകൾ. ലാവ്‌ലിൻ ഇടപാടിലൂടെ സംസ്ഥാനത്തിന് 374 കോടി രൂപയുടെ നഷ്ടമുണ്ടായി എന്നാണ് സി.എ.ജി റിപ്പോർട്ട് പറഞ്ഞത്. ലാവ്‌ലിൻ കേസിന്റെ പ്രതിപ്പട്ടികയിൽ നിന്നും പിന്നീട് പിണറായി വിജയൻ ഒഴിവാക്കപ്പെട്ടെങ്കിലും ലാവ്‌ലിൻ ഇടപാടിനെ സംബന്ധിച്ച സി.എ.ജിയുടെ കണ്ടെത്തലുകൾ സംസ്ഥാന

വൈദ്യുത വകുപ്പിന്റെ സ്ഥാപിത താത്പര്യ ങ്ങളിലേക്ക് വിരൽചൂണ്ടുന്ന ഒന്നായിരുന്നു. വസ്തുനിഷ്ഠമായ പഠനങ്ങളെ അവഗണിച്ച് കെ.എസ്.ഇ.ബി നടത്തുന്ന ഈ 'എടുത്തു ചാട്ടം' അതിരപ്പിള്ളിയുടെ കാര്യത്തിലും ആ വർത്തിക്കുമെന്നത് ലാവ്‌ലിൻ അനുഭവ ത്തിൽ നിന്നും പിണറായി പഠിക്കേണ്ടതുണ്ട്.

അതിരപ്പിള്ളി ഡാമിന്റെ കാര്യത്തിൽ പി ണറായി വിജയന്റേത് ഒരു വ്യക്തിഗത നില പാടല്ല എന്നാണ് വി.എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലത്തെ ഇടതു ഭര ണം ഓർമ്മിപ്പിക്കുന്നത്. അന്നത്തെ വൈദ്യു തി മന്ത്രിയായിരുന്ന എ.കെ. ബാലൻ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി നടത്തിയ ഊർ ജ്ജിത ശ്രമങ്ങൾ മന്ത്രിസഭയുടെ കാലാവധി കഴിഞ്ഞതിനു ശേഷം പോലും തുടർന്നിരു ന്നു. കേരളത്തിലെ രാഷ്ട്രീയ മുന്നണികൾ അതിരപ്പിള്ളിയുടെ കാര്യത്തിൽ ഒരു പുനപ രിശോധനയ്ക്ക് തയ്യാറല്ല എന്നാണ് തുടർന്നു വന്ന യു.ഡി.എഫ് സർക്കാറിന്റെ ഇടപെടലു കളും ഓർമ്മിപ്പിക്കുന്നത്. എന്നാൽ അതിലേ റെ ഗുരുതരമാണ് ആദിവാസി വനാവകാശ നിയമത്തോടും ഗോത്രസമൂഹങ്ങളുടെ സ്വയം ഭരണാവകാശങ്ങളോടും രാഷ്ട്രീയ പാർട്ടി കൾ പുലർത്തുന്ന അവജ്ഞ. അന്ധമായ വി കസന മോഹങ്ങളുടെ പൂർത്തീകരണത്തിനാ യി പരിസ്ഥിതികാവബോധത്തെയും വിഭവ ങ്ങളുടെ മേലുള്ള ജനങ്ങളുടെ അവകാശങ്ങ ളെയും നിരസിക്കുന്ന ഈ സമീപനത്തെ മ റികടക്കുക എന്നതാണ് അതിരപ്പിള്ളി സമര ത്തിന് മുന്നിലുള്ള പ്രധാന കടമ്പ.

### സമരം പുതിയ വഴികളിലേക്ക്

അണക്കെട്ടുകളുടെ നിർമ്മാണവും നാണ്യവി ളത്തോട്ടങ്ങൾ സൃഷ്ടിച്ച വനനശീകരണവും കാരണം ജീവൻ നഷ്ടമായ ചാലക്കുടി പുഴ യിൽ വീണ്ടും വലിയ പദ്ധതികൾ നിർദ്ദേശി ക്കപ്പെടാൻ തുടങ്ങിയിട്ട് മൂന്ന് പതിറ്റാണ്ടുകൾ പിന്നിട്ടിരിക്കുകയാണ്. അതിൽ പലതും പി ന്നീട് ഉപേക്ഷിക്കപ്പെട്ടെങ്കിലും എൺപതുക ളുടെ തുടക്കത്തിൽ തുടങ്ങിയ അതിരപ്പിള്ളി പദ്ധതിക്കായുള്ള ശ്രമം കെ.എസ്.ഇ.ബി ശ ക്തമായിത്തന്നെ തുടർന്നു. 1982ൽ ആണ് അ തിരപ്പിള്ളി പദ്ധതിക്കായുള്ള പ്രോജക്ട് റി പ്പോർട്ട് കെ.എസ്.ഇ.ബി പരിസ്ഥിതി മന്ത്രാല യത്തിന് ആദ്യമായി സമർപ്പിക്കുന്നത്. 1986ൽ പരിസ്ഥിതി സംരക്ഷണ നിയമം നിലവിൽ വ ന്നതോടെയാണ് ഒരു പദ്ധതി ആരംഭിക്കണ മെങ്കിൽ പരിസ്ഥിതി ആഘാത പഠനം നട ത്തേണ്ടതുണ്ട് എന്ന് നിർബന്ധമാക്കപ്പെട്ടത്. അതോടെ അതിരപ്പിള്ളി പദ്ധതി നടപ്പിലാക്ക ണമെങ്കിൽ ആദ്യം പരിസ്ഥിതി ആഘാത പഠ നം നടത്തണം എന്നുവന്നു. എന്നാൽ ഏറെ വൈകി, 1996ൽ ആണ് തിരുവനന്തപുരം ആ സ്ഥാനമാക്കിയുള്ള ട്രോപ്പിക്കൽ ബൊട്ടാണി ക്കൽ ഗാർഡൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ടി.ബി. ജി.ആർ.ഐ) അതിരപ്പിള്ളി പദ്ധതിക്കായുള്ള പരിസ്ഥിതി ആഘാത പഠനം നടത്തുന്നത്. ആറ് മാസം കൊണ്ട് പൂർത്തിയാക്കിയ ഈ പഠനത്തിന് നേരെ ഒട്ടേറെ വിമർശനങ്ങൾ അന്നുതന്നെ ഉന്നയിക്കപ്പെട്ടിരുന്നു. എന്നിട്ടും ഈ പഠനം കണക്കിലെടുത്തുകൊണ്ട് 1996 ജനുവരി 20ന് കേന്ദ്ര വനം പരിസ്ഥിതി മ ന്ത്രാലയം പദ്ധതിക്ക് അനുമതി നൽകി. പ ക്ഷെ 2001ൽ ടി.ബി.ജി.ആർ.ഐയുടെ പരി സ്ഥിതി ആഘാത പഠനത്തെ ചോദ്യം ചെയ് തുകൊണ്ട് ചാലക്കുടിപുഴ സംരക്ഷണ സമി തി ഹൈക്കോടതിയെ സമീപിക്കുകയും പഠ നത്തിലെ പ്രശ്നങ്ങൾ ബോധ്യമായ കോടതി പദ്ധതിയുടെ അംഗീകാരം തടയുകയും പൊ തുതെളിവെടുപ്പ് നടത്താതെ പദ്ധതിയുമായി മുന്നോട്ടുപോകരുത് എന്ന് ആവശ്യപ്പെടുക യും ചെയ്തു. ഹൈക്കോടതിയുടെ ഇടപെട ലിനെ തുടർന്ന് 2001 കേന്ദ്ര വനം പരിസ്ഥി തി മന്ത്രാലയം പദ്ധതിക്ക് അനുമതി നിഷേ ധിക്കുകയുണ്ടായി. പുതിയ പരിസ്ഥിതി ആ ഘാത പഠനം നടത്തുന്നതിനായി ഹരിയാന യിലുള്ള വാട്ടർ ആന്റ് പവർ കൺസൾട്ടൻ സിയെ (വാപ്കോസ്) 2002 ജനുവരി 22ന് കെ.എസ്.ഇ.ബി ചുമതലപ്പെടുത്തി. അതിനെ തുടർന്ന് അതിരപ്പിള്ളി പദ്ധതിയെ സംബ ന്ധിച്ച ആദ്യ പൊതുതെളിവെടുപ്പ് 2002 ഫെ ബ്രുവരി ആറിന് തൃശൂർ ടൗൺ ഹാളിൽ വ ച്ച് നടന്നു. 500 ഓളം പങ്കെടുത്ത പൊതുതെ ളിവെടുപ്പിൽ കെ.എസ്.ഇ.ബി ഒഴികെയുള്ള വർ പദ്ധതി തള്ളിക്കളയണമെന്ന് ആവശ്യ പ്പെട്ടു. 2002 ആഗസ്റ്റിൽ വാപ്കോസ് പഠന റി പ്പോർട്ട് സമർപ്പിക്കുകയും അതിന്റെ അടി സ്ഥാനത്തിൽ 2005ൽ പരിസ്ഥിതി മന്ത്രാലയം വീണ്ടും പദ്ധതിക്ക് അനുമതി നൽകുകയും ചെയ്തു. എന്നാൽ വാപ്കോസിന്റെ പഠന റി പ്പോർട്ടും അശാസ്ത്രീയവും വസ്തുതാവിരു ദ്ധവുമാണെന്ന് ചൂണ്ടിക്കാട്ടി അതിരപ്പിള്ളിയി ലെ ആദിവാസി സമൂഹവും ഗ്രാമപഞ്ചായ ത്തും ഹൈക്കോടതിയിൽ അന്യായം ഫയൽ ചെയ്തു. തുടർന്ന് 2006 മാർച്ച് 23ന് ഹൈ ക്കോടതി വീണ്ടും പദ്ധതിയുടെ പാരിസ്ഥിതി കാനുമതി എടുത്തുകളയുകയും പുതിയ പൊതുതെളിവെടുപ്പ് നടത്താൻ ആവശ്യപ്പെ ടുകയും ചെയ്തു. അതുപ്രകാരം രണ്ടാമ ത്തെ പൊതുതെളിവെടുപ്പ് 2006 നവംബർ 15ന് ചാലക്കുടിയിൽ വച്ച് നടക്കുകയും അ

തിൽ കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരൊഴിച്ച് ബഹുഭൂരിപക്ഷം ജനങ്ങളും പദ്ധതി എതിർക്കുകയും ചെയ്തു. എന്നാൽ പൊതുതെളിവെടുപ്പിലെ ജനകീയ തീരുമാനത്തിന് വിരുദ്ധമായ ഒരു റിപ്പോർട്ടാണ് തെളിവെടുപ്പ് സമിതി പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചത്. തെളിവെടുപ്പ് സമിതിയിലെ അംഗങ്ങൾ പോലും ഈ തിരിമറിക്കെതിരെ രേഖാമൂലം പരാതി നൽകുകയുണ്ടായി. സത്യാവസ്ഥ വിലയിരുത്തുന്നതിനായി നദീതട-ജലവൈദ്യുത പദ്ധതിക്കായുള്ള ഒരു വിദഗ്ധ സമിതിയെ പരിസ്ഥിതി മന്ത്രാലയം നിയോഗിച്ചു. പ്രൊഫ. പി.ജി. ശാസ്ത്രി അദ്ധ്യക്ഷനായ അഞ്ചംഗ സംഘം 2007 ഏപ്രിൽ 11,12,13 തീയതികളിൽ പദ്ധതി പ്രദേശം സന്ദർശിക്കുകയും തുടർന്ന് തൃശൂർ ടൗൺഹാളിൽ വച്ച് ജനങ്ങളും കെ.എസ്.ഇ.ബി അധികൃതരുമായി സംസാരിക്കുകയും ചെയ്തു. അതിരപ്പിള്ളി പദ്ധതിക്കെതിരായും പരിസ്ഥിതി ആഘാത പഠനത്തിലെ ഗുരുതരമായ പിഴവുകൾക്കെതിരായും നിരവധി പരാതികൾ ഈ വിദഗ്ധ സമിതിക്ക് മുന്നിലുമെത്തി. എന്നിട്ടും 2007 ജൂലായ് 18ന് പരിസ്ഥിതി മന്ത്രാലയം അതിരപ്പിള്ളി പദ്ധതിക്ക് പാരിസ്ഥിതികാനുമതി നൽകി. പൊതുതെളിവെടുപ്പിൽ ഉയർന്നുവന്ന എതിർപ്പുകൾ പരിഗണിക്കാതെ, അശാസ്ത്രീയവും അപൂർണ്ണവും പച്ചക്കള്ളങ്ങൾ നിറഞ്ഞതുമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിക്ക് അനുമതി നൽകിയതിനെതിരെ പ്രത്യക്ഷ സമരങ്ങൾ തുടർന്ന് അതിരപ്പിള്ളിയിൽ അരങ്ങേറി. വാപ്കോസിന്റെ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടിലെ പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചു കൊണ്ട്, പദ്ധതിക്ക് അനുമതി നൽകിയതിനെതിരെ പരിസ്ഥിതി പ്രവർത്തകർ വീണ്ടും കോടതിയെ സമീപിച്ചു. മൂന്ന് തവണ വാദം കേട്ടെങ്കിലും കേസ് തീരുമാനമാകാതെ നീണ്ടുപോവുകയായിരുന്നു. 2015 മെയ് 29ന് കേസ് വീണ്ടും ഹൈക്കോടതി പരിഗണിച്ചപ്പോഴേക്കും 2007ൽ അതിരപ്പിള്ളി പദ്ധതിക്ക് നൽകിയ പാരിസ്ഥിതികാനുമതിയുടെ കാലാവധി 2012ൽ അവസാനിച്ചു കഴിഞ്ഞിരുന്നു. (അഞ്ച് വർഷമാണ് പാരിസ്ഥിതികാനുമതിയുടെ കാലാവധി). 2012ൽ അനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ ഇനി കേസിന് പ്രസക്തിയില്ലെന്നും വാപ്കോസിന്റെ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടിന്റെ പ്രശ്നങ്ങളെക്കുറിച്ച് ഇനി പരിശോധിക്കേണ്ടതില്ലെന്നും വിലയിരുത്തി ഹൈക്കോടതി കേസും അവസാനിപ്പിച്ചു. അങ്ങനെയിരിക്കെയാണ് 2015 ഒക്ടോബർ 9ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പാരിസ്ഥിതികാനുമതി അഞ്ച് വർഷത്തേക്ക് കൂടി നീട്ടി നൽകിയത്. അതിരപ്പിള്ളി പദ്ധതിക്കെതിരെ ഉയർന്ന എതിർപ്പുകളുടെ ഈ ചരിത്രം ബോധപൂർവ്വം മറന്നുകൊണ്ടാണ് പരിസ്ഥിതി മന്ത്രാലയം പാരിസ്ഥിതികാനുമതി പുനസ്ഥാപിച്ചിരിക്കുന്നത്. വ്യാപകമായി ചോദ്യം ചെയ്യപ്പെട്ട വാപ്കോസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2007ൽ പരിസ്ഥിതി മന്ത്രാലയം നൽകിയ അനുമതിയാണ് 2015ൽ പുനസ്ഥാപിച്ചത്. 2007ൽ പദ്ധതിക്ക് അനുമതി നൽകിയതിനെതിരെ വിവിധ കോണുകളിൽ നിന്നും ഉയർന്നുവന്ന വസ്തുതാപരമായ ചോദ്യങ്ങൾക്ക് മറുപടി നൽകാതെയാണ് കേന്ദ്ര സർക്കാർ ഈ നടപടിയെടു



ത്തിട്ടുള്ളത്.

2001ലെയും 2006ലെയും പൊതുതെളിവെടുപ്പിൽ ഉയർന്നുവന്ന എതിർപ്പുകൾ, 2007ൽ പരിസ്ഥിതി മന്ത്രാലയം നിയോഗിച്ച വിദഗ്ധ സമിതിക്ക് ജനങ്ങൾ നൽകിയ പരാതികൾ, 2001ലും 2006ലും പദ്ധതിയുടെ അനുമതി റദ്ദാക്കിക്കൊണ്ട് ഹൈക്കോടതി നടത്തിയ നിരീക്ഷണങ്ങൾ, നാളുകളായി നടന്നുവരുന്ന വിവിധ സമരങ്ങൾ, പ്രതിഷേധങ്ങൾ, സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് പോലെയുള്ള വിദഗ്ദ്ധ സ്ഥാപനങ്ങളുടെ എതിരഭിപ്രായങ്ങൾ, ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പദ്ധതിക്കെതിരെ നടത്തിയ വസ്തുതാപരമായ നിരീക്ഷണങ്ങൾ, 2006ൽ നിലവിൽ വന്ന വനാവകാശ നിയമം ആദിവാസി സമൂഹങ്ങൾക്ക് നൽകിയ അധികാരങ്ങൾ തുടങ്ങിയവയെല്ലാം എല്ലാം തീർത്തും നിഷേധിച്ചുകൊണ്ടാണ് ഇപ്പോൾ 2007ലെ പാരിസ്ഥിതികാനുമതി മന്ത്രാലയം പുനസ്ഥാപിച്ചിരിക്കുന്നത്. സ്ഥാപിത ശേഷിയുടെ 20 ശതമാനം പോലും വൈദ്യുതി ലഭ്യമാക്കാൻ അതിരപ്പിള്ളി പദ്ധതിക്ക് കഴിയില്ലെന്ന ചാലക്കുടി പുഴ സംരക്ഷണ സമിതിയുടെ വാദങ്ങൾക്കും മറുപടി നൽകാതെയാണ് കെ.എസ്.ഇ.ബി പദ്ധതിക്ക് വേണ്ടിയുള്ള നടപടികൾ ഊർജ്ജിതമാക്കിയിരിക്കുന്നത്. കെ.എസ്.ഇ.ബി തയ്യാറാക്കിയിരിക്കുന്ന ജനറേറ്റർ റൂം സ്കെച്ചിൽ 163 മെഗാവാട്ട് ആണ് പദ്ധതിയുടെ സ്ഥാപിത ശേഷി. 160 മീറ്റർ ഉയരത്തിലുള്ള അണക്കെട്ടിൽ 22 മണിക്കൂർ സമയം 6.7 ക്യുമെക്സ് വെള്ളം ഒഴുകിയെത്തി, റിസർവോയറിൽ 1050 ദശലക്ഷം ക്യുബിക് മീറ്റർ വെള്ളമുണ്ടെങ്കിലേ ഇത്രയും വൈദ്യുതോത്പാദനം നടക്കൂ. കേരളത്തിൽ മഴയില്ലാത്ത ആറുമാസം എട്ട് മെഗാവാട്ട് വൈദ്യതിയിൽ താഴെ മാത്രമേ അതിരപ്പിള്ളിയിൽ നിന്നും ലഭിക്കൂ എന്ന് കണക്കുകളുടെ അടിസ്ഥാനത്തിൽ ചാലക്കുടി പുഴ സംരക്ഷണ സമിതി വ്യക്തമാക്കിയിട്ടുണ്ട്. അങ്ങനെയെങ്കിൽ ഒരുപക്ഷെ ലോകത്തിലെ തന്നെ ഏറ്റവും സ്ഥാപിതശേഷി കുറഞ്ഞ പദ്ധതിയാകും അതിരപ്പിള്ളി പദ്ധതി.

നിലവിൽ ചാലക്കുടി പുഴയിലുള്ള ആറ് അണക്കെട്ടുകൾ പുഴയുടെ സ്വാഭാവിക നീരൊഴുക്കിൽ ഒരുപാട് വ്യതിയാനം ഉണ്ടാക്കിയിട്ടുണ്ട്. പറമ്പിക്കുളം ആളിയാർ കരാർ പ്രകാരം നാല് അണക്കെട്ടുകൾ വഴി ഏകദേശം 35ശതമാനം വെള്ളം അറുപതുകൾ മുതൽ തന്നെ തമിഴ്നാട്ടിലേക്ക് തിരിച്ചു വിടുന്നുണ്ട്. 48 മെഗാവാട്ട് ശേഷിയുള്ള പൊരിങ്ങൽകുത്ത് വൈദ്യുതി നിലയത്തിലെ റിസർവോയറിൽ നിന്ന് ശരാശരി 280. 58 ദശലക്ഷം ഘന മീറ്റർ വെള്ളം പെരിയാർ നദിയിലെ ഇടമലയാർ റിസർവോയറിലേക്ക് തിരിച്ചുവിടുന്നുമുണ്ട്. ഈ ആറ് അണക്കെട്ടുകളുണ്ടാക്കിയ ആഘാതത്തിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ടു വേണം പുതിയ പദ്ധതിയെക്കുറിച്ച് ആലോചിക്കേണ്ടത് എന്നാണ് ചാലക്കുടി പുഴ സംരക്ഷണ സമിതി വർഷങ്ങളായി ആവശ്യപ്പെടുന്നത്. ഇതെല്ലാം പാടെ നിരസിച്ചുകൊണ്ട്, കസ്തൂരിരംഗൻ റിപ്പോർട്ട് തുറന്നിട്ട സാദ്ധ്യതയെ ഉപയോഗപ്പെടുത്തി കെ.എസ്.ഇ.ബി അതിരപ്പിള്ളി പദ്ധതിക്കായി വീണ്ടും നടത്തിയ ശ്രമങ്ങളാണ് പാരിസ്ഥിതികാനുമതി പുനസ്ഥാപിച്ചുകിട്ടുന്ന നടപടിയിലേക്ക് എത്തിയത്.

എക്കാലവും ഇത്തരം നിയമേതര പ്രവർത്തനങ്ങളിലൂടെ പദ്ധതി നടപ്പിലാക്കിയെടുക്കുന്നതിനുള്ള ശ്രമമാണ് കെ.എസ്.ഇ.ബി നടത്തിയിരുന്നത്. കോടതി വിധികളെയും പൊതുതെളിവെടുപ്പിന്റെ പാനൽ ശുപാർശകളെയും പോലും അവർക്ക് എപ്പോഴും സുഗമമായി മറികടക്കാൻ കഴിയുന്നു. ഊർജ്ജാവശ്യങ്ങളെക്കുറിച്ച് കാലാനുസൃതവും യുക്തിപൂർണ്ണവുമായ സമീപനം പുലർത്തേണ്ട ഒരു സർക്കാർ സംവിധാനം ഈവിധം ദുഷിച്ചുപോയതിന് കാരണം ഭരണരംഗത്തുള്ള രാഷ്ട്രീയ പാർട്ടികളുടെ നയസമീപനങ്ങൾ തന്നെയാണ്. വികസനത്തെക്കുറിച്ചുള്ള വികലധാരണകളും സ്വകാര്യ സാമ്പത്തിക താത്പര്യങ്ങളും ജനാധിപത്യത്തെ കളങ്കപ്പെടുത്തുന്നതിന് തെളിവുകൂടിയാണിത്. അതിരപ്പിള്ളിയിൽ മുഴങ്ങുന്ന പുതിയ സമരകാഹളം ഇക്കാര്യങ്ങളെ വീണ്ടും ശക്തമായി അവതരിപ്പിക്കാൻ ശ്രമിക്കുകയാണ്.

വനാവകാശം നിയമപ്രകാരം ആദിവാസി സമൂഹത്തിന് ലഭിച്ചിരിക്കുന്ന സ്വയം നിർണ്ണയാവകാശങ്ങൾ തന്നെയാകും ഇനി സമരത്തിന്റെ കേന്ദ്രബിന്ദു. പദ്ധതി പ്രദേശത്തെ വനാവകാശ ഊരുസഭകൾ ഡാമിനെതിരായി പാസാക്കിയ തീരുമാനം ചൂണ്ടിക്കാണിച്ചുകൊണ്ട് 2015 ഡിസംബർ 23ന് കാടർ ആദിവാസി ജനത ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്. ഊരുക്കൂട്ടത്തിന്റെ അനുമതിയില്ലാതെ നടക്കുന്ന മരങ്ങളുടെ കണക്കെടുപ്പിനെതിരെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് അവർ പരാതിയും നൽകിക്കഴിഞ്ഞു. 'ഈ അടാവീല് ഡാമ് വേണ്ട' എന്നെഴുതി പദ്ധതി പ്രദേശത്തെ മരങ്ങളിൽ കെട്ടിവച്ചുകൊണ്ട്, വാഴച്ചാലിലെ കാടർ ആദിവാസികൾ സ്ഥാപിച്ച തദ്ദേശീയാധികാരം തന്നെയാകുമോ ഈ കാടിന് ഇനി കാവലാളാകാൻ പോകുന്നത്. ■